## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം **നം.211** **06.11.2019 -ൽ മറുപടിയ്ക്ക്**

## വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾക്ക് പകരം സ്വാഭാവിക വനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൽദോ എബ്രഹാം<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി : | | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | തേക്ക് മരങ്ങൾ കൃഷി ചെയ്തിരുന്ന വനമേഖല പിന്നീട് വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ടത് മൂലം പ്രസ്തുത മരങ്ങൾ മുറിച്ചു മാറ്റാൻ കഴിയാത്ത സാഹചര്യമുണ്ടോ; | (എ) | ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് (WP © No.202/95, No.171/96) പ്രകാരവും, തുടർന്നുള്ള അനുബന്ധ ഉത്തരവുകൾ പ്രകാരവും, വന്യജീവി സംരക്ഷണ നിയമം 1972 പ്രകാരവും, വന്യമൃഗ സങ്കേതങ്ങളിലും, ദേശീയോദ്യാനങ്ങളിലും, യാതൊരുവിധ മരവും മുറിയ്ക്കാൻ പാടില്ലായെന്നും വീണ് കിടക്കുന്ന മരങ്ങൾപോലും എടുക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | അത്തരത്തിൽ മുറിച്ച് വില്പന നടത്താൻ കഴിയാത്ത രീതിയിൽ വന്യജീവി സങ്കേതങ്ങളിലുള്ള തേക്ക് തോട്ടങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | മുറിച്ച് വിൽപ്പന നടത്താൻ കഴിയാത്ത രീതിയിൽ വന്യജീവി സങ്കേതങ്ങളിലുള്ള തേക്ക് തോട്ടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇവ മുറിച്ച് വില്ക്കാൻ കഴിഞ്ഞാൽ ലഭിക്കുന്ന വരുമാനത്തെ സംബന്ധിച്ച് കണക്കെടുത്തിട്ടുണ്ടോ; | (സി) | കണക്കെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നിയമത്തിൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തി ഓരോ വർഷവും ഇത്തരത്തിലുള്ള തോട്ടങ്ങളിൽ നിന്നും കുറച്ചു തേക്കുകൾ മുറിച്ച് വിറ്റ് അവിടെ സ്വാഭാവിക വനമാക്കി മാറ്റാനും ഫല വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കാനും നടപടി സ്വീകരിക്കുമോ? | (ഡി) | കേരളത്തിലെ വന്യജീവി സങ്കേതങ്ങളിൽ തേക്ക് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക മരം വച്ചു പിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ഉത്തരവ് (സാധാ) നം. 168/2019/വനം, തീയതി 10.05.2019 പ്രകാരം ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>1. ശ്രീ.അഞ്ജൻ കുമാർ, ഐ.എഫ്.എസ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്, പാലക്കാട്) - ചെയർമാൻ<br>2. ഡോ.ഇ.കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി) - മെമ്പർ<br>3. ഡോ.പി. ബാലകൃഷ്ണൻ (വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) - മെമ്പർ<br>4. ഡോ.പി.ഒ. നമീർ, ( പ്രൊഫ. & ഹെഡ്, ഡിപ്പാർട്ട്മെൻറ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ്) - മെമ്പർ<br>5. ശ്രീ. ജെയിംസ് സഖറിയ, (റിട്ട. അസി. ഫോറസ്റ്റ് കൺസർവേറ്റർ) - മെമ്പർ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഡിവിഷൻ | റെയ്ഞ്ച് | തേക്ക് തോട്ടം (ഹെക്ടറിൽ) |
|---|---|---|
| വയനാട് | കുറിച്യാട് | 1817.305 |
| | മുത്തങ്ങ | 370.045 |
| | സുൽത്താൻ ബത്തേരി | 1466.897 |
| | തോൽപ്പെട്ടി | 3840.570 |
| ആറളം | ആറളം | 291.300 |
| സൈലൻറ് വാലി | ഭവാനി | 405.300 |
| പറമ്പിക്കുളം | കരിമല | 3475.988 |
| | ഒരുകൊമ്പൻ | 1724.675 |
| | പറമ്പിക്കുളം | 1717.473 |
| | സുങ്കം | 1829.330 |
| പീച്ചി | പീച്ചി | 945.944 |
| | ചിമ്മിനി | 325.320 |
| ഇടുക്കി | തട്ടേക്കാട് | 216.370 |

സെക്ഷൻ ഓഫീസർ